# വള്ളോക്കവി

ഹരിഃ ശ്രീഗണപതയേ നമഃ

അവിഘ്നമസ്തു

അരുമയിൽ ചേള ചമച്ചതും പണ്ടു
ആശാരി വന്നങ്ങളന്നും മുറിച്ചും
ഒരുമിച്ചു ത്തുണിവ നാലുമേ നിർത്തി
ഒമ്പതു ചാണുള്ള ചൂഴികവച്ചേൻ
വാരിയും കെട്ടി വളർകോലും വീക്കി
വാരി പുറമേ പുതച്ചമ്പിൽകോവിൽ
ഇരുപത്തൊരായിരത്തറുന്നൂർ ചിറമക്കളുണ്ടേൻ
ഇച്ചേള പുക്കും പുറപ്പെട്ടു നില്പാൻ
കോരി നിറച്ചു നിറവൊന്നുമില്ലേ
കൊണ്ടച്ചൊരിഞ്ഞാൽ ചൊരിഞ്ഞിട്ടുകൂടാ
ഓങ്കാരനാഥൻ ഉഴുതൊരു ഉഴവിൽ
ഒളിവിൽ വിതച്ചു മുളച്ചൊരു വിത്തു
അറിയാതെ കാലത്തങ്ങാനന്ത കോവിൽ
അരിമപണിക്കു വിളിക്കുന്നോരെന്നെ
ഇന്തയുമില്ലാ എന്റവ്വയുമില്ലേൻ
ഓങ്കാരവള്ളോനെഴുത്തു പഠിപ്പാൻ
മൂലക്കിഴങ്ങിന്നു മൂന്നല്ലോ വള്ളി
മൂലത്തിലൊക്കെ പടർന്നുള്ള വള്ളി
ജ്ഞാനക്കിഴങ്ങിന്നു നാലല്ലോ വള്ളി
ജ്ഞാനത്തിലൊക്കെ പടർന്നുള്ള വള്ളി
മുപ്പത്തു മൂന്നു മരം നട്ട കാലം
മൂന്നു മരമതിൽ താനെ മുളച്ചു
ആ മരമ്പൂത്തൊരു പൂവുണ്ടു കയ്യിൽ

പൂവോട്ടു ഞാറോട്ടു ചൂടാമ്പൊനിന്തേൻ
അക്കരെ നിന്നു വിളിപ്പോനീ വള്ളോൻ
അക്കരെപ്പോവാൻ തുണയില്ലെനിക്കു
മക്കളുണ്ടെവരെ കൂടെക്കടപ്പാൻ
വന്തെന്നെയാറും കടത്തുവോനില്ലേ
പൂക്കും പുറപ്പെട്ടും നിൽക്കുന്ന നേരം
പുതുവെള്ളം വന്നു പുഴയും നിറഞ്ഞു
ദുഃഖം പെരുതായീ ഉറപ്പില്ലിനിക്കെ
ദുഃഖം കെട്ടത്തെന്നെ കൊണ്ടുപോനിന്തേൻ
ആറും കടന്നിട്ടങ്ങപ്പുറം ചെന്നാൽ
ആനന്ദവള്ളോൻ പുരെക്കലും ചെല്ലാം
ഞാറുണ്ടു നിൽക്കുന്നു ഞാറെപ്പറിപ്പാൻ
ഞാനിപ്പുലവരേ കാണുന്നതില്ലെ
കൂറുള്ളവരുണ്ടൊരമ്പത്തൊരിവർ
കർവ്വപ്പുലവരുണ്ടെവരതിലും
പാറ കൊണ്ടെന്നെ എറിയല്ല കോളെ
പണ്ടെൻ പുരയ്ക്കൽ ഞാൻ പോകുന്നനിന്തേൻ
ഇത്തിരി നാളും കുടിൽകാത്തിരുന്നു
ഈവള്ളോൻ കൊണ്ടെന്റെ വല്ലി പുകൾവാൻ
പത്തുവയസ്സിൽത്താൻ കല്ലനൂൽ പൂണ്ടേൻ
പരിശുള്ള തണ്ടയുമിട്ടു നടന്നു
പത്തു വിരൽക്കു ഞാൻ മോതിരം പൂണ്ടേൻ
പാടത്തു ചേരിയിൽ കന്നും തെളിച്ചേൻ
മുക്തിയും വന്നു വഴികാട്ടുവാനായ്
മൂലപുരക്കൽ ഞാൻ പോകുന്നനിന്തേൻ
ഈരേഴുലോകം പടൈത്തോനവള്ളോൻ
അക്കുടിൽ താനെ ഇനിക്കു കിടപ്പാൻ
ചോരുന്നതിപ്പുര നേരെ മുകളിൽ

ചോർച്ചയടപ്പാനെനിക്കാരുമില്ലെൻ
പാരാഞ്ഞ തന്മക്കളൈവരുമിപ്പോൾ
വന്നിപ്പുരയൊന്നു കുത്തിത്തരുവാൻ
നേരായിട്ടെങ്ങും കിടക്കരുതയ്യോ
നിന്നോടു എന്നെയും കൊണ്ടുപോനിന്നേൻ
ഉള്ളു കുത്തിട്ടൊരി ഞാറെപ്പറിപ്പാൻ
ഉൾക്കണ്ടു ഞാറും നനഞ്ഞു ഞാൻ നട്ടു
കള്ളപുലവരെ കാവലും വെച്ചു
കാപ്പാളരുണ്ടുകളും പുവ്വോരുണ്ടു
കൊള്ളിയും മിന്നി ഞാൻ തണ്ണിക്കു പോമ്പോൾ
തോഴിമാർ തച്ചിട്ടും കൊട്ടീട്ടും കൊല്ലും
ഉള്ളതു നിർവ്വോ പറയിതും കോളെ
പണ്ടെൻ പുരയ്ക്കൽ ഞാൻ പോകാതിരിന്നേൻ
ഊരിലെക്കന്നും തെളിച്ചുമുച്ചെൻ
ഊരാഴിയഞ്ചും ഉറപ്പിച്ചു പോന്നേൻ
മൂരികളഞ്ചുണ്ടു കുത്തുവാൻ നിൽക്കുന്നു
മുക്കറയിട്ടവർ കുത്തുവോരെന്നെയും
കാര്യവുമുള്ളവർ വാഴവോർ നമ്മെയും
കാട്ടിൽപോയോടി ഒളിക്കും ചില നാൾ
നേരിയ പള്ളി പടിപെറ്റുകൊൾവാൻ
നേരത്തെ കൊണ്ടോയി മുളക്കാൻ പൊനിന്നേൻ
എട്ടു തൊഴുത്തിലെ കന്നും തെളിച്ചേൻ
എണ്ണാം പുരക്കൽ തൊഴുത്തിലും ചെന്നേൻ
കെട്ടു കഴിക്കും കണക്കപുലവർ താൻ
കാണാഞ്ഞു തേടി നടന്നാരതെങ്ങും
വെട്ടാവെളിച്ചത്തു നിൽക്കുന്നവറ്റെ
വേറെ തെളിച്ചങ്ങൊരുവഴി കൂട്ടി
പട്ടാങ്ങു ചൊൽവാൻ പഴെവെള്ളൊനാര

പണ്ടെൻ പുരയ്ക്കൽ പോകുന്നനിന്നേൻ
ഏണമുരുകൊന്നൊരീന്തയെ കാണാഞ്ഞു
ഏതുവഴിയെന്നറിയുന്നതില്ലേ
നാൽവഴിയേപോയി വായിപ്പോരെന്നെ
പോമിയെക്കാവലൊഴിഞ്ഞെ ഞാനുള്ളു
ചേനക്കണക്കും പയറു മീനും കള്ളും
ശേഷം വെളിച്ചേമ്പും വെച്ചു കഴിച്ചേൻ
ആനന്ദവള്ളോനാർ തന്നോട്ടു ചേരുവാൻ
ആദപ്പെരുവഴി ചൊല്ലെന്നോടിന്നേൻ
ഐമ്പത്തൊരുനാഴി നെല്ലുണ്ടുമാടിൽ
അഞ്ഞാഴിനെല്ലു പുരക്കലുമുണ്ടാൽ
മുമ്പിൽ പിടിത്താളു മുന്നാഴി പോരും
പിന്നെ ഇരുന്നാഴി കൂടേക്കിടച്ചേൻ
ഒമ്പതുനാഴി നെൽ ആണിച്ചാൺ കൊയ്യേൻ
ഒന്നേനെടമടി എണ്ണാഴി പോരും
വമ്പിച്ച നാഴിനെൽ കയ്യിൽ പിടിച്ചാൽ
വള്ളോനു കൊണ്ടക്കൊടുക്കാൻ പൊനിന്നേൻ
ഒന്നായ കണ്ടത്തിൽ മൂന്നാക്കി മാടി
മൂന്നിലും ഓരോരോ വിത്തും വിതച്ചേൻ
കുന്നും കുഴിയും തടവും നികത്തുവാൻ
കുറ്റുള്ളവരുണ്ടമ്പത്തൊരിവർ
എന്നാലിരുവരും ഐവരും കൂടി
എട്ടു തൊഴുത്തിലെ കന്നും തെളിച്ചു
പട്ടാങ്ങു ചൊൽവാൻ പഴവള്ളോനാര
പണ്ടെൻ പുരയ്ക്കൽത്താൻ പോകുന്നനിന്നേൻ
ഓങ്കാരത്തമ്പതു ഓങ്കാരമാന
ഓരെട്ടെഴുത്തെന്നെഴുത്തെന്നു തോന്നി
ഓങ്കാര വള്ളോത്തി വള്ളോനെക്കാണാഞ്ഞു

ആരാഞ്ഞു തേടിനടക്കുന്നോരെങ്ങും
ഓങ്കാരവള്ളോനാർ തന്നോട്ട ചേരുവാൻ
അടി പെരുവഴി ചൊല്ലെന്നോടിന്നേൻ
അർവ്വാറ്റിന്റക്കരെ താമരപ്പൊയ്കയിൽ
ആറ്റും മറുകരെ ചെല്ലരുതാർക്കും
ആറ്റവർ വീണ്ട മുഴുന്താരിയാറ്റിൽ
നൂറ്റവർ കൂട്ടരും വാഴ്ത്താരി ആറ്റിൽ
ഇത്തിരെ ആഴം പെരുതായോരാറ്റിൻ
ഈവണ്ണമിക്കരയേറ്റിക്കൊള്ളാം
അല്ല ചൊല്ലഞ്ചു മറിന്തവയോ നീ
നാൾതോറും നോക്കുകിൽ കാണായിയാർക്കും
പണ്ടത്തിനോടെ മുതൽ കെട്ടിവെപ്പാൻ
കയ്ക്കാണ കെട്ടുവാൻ പിന്നെയുമുണ്ടു
എല്ലാം തടത്തിൽ എളമുളയാണ്ടൽ
ഒന്നു പൊളിച്ചങ്ങു വാരിയും കൊണ്ടു
സ്ഥാനം പിഴയാതെ തൂണിട്ടു കൊണ്ടാൽ
എല്ലാക്കഴക്കോലു നാല്പത്തിമൂന്നു
എട്ടുള്ള വാരിയും കെട്ടിനിറുത്തി
ഓലയും തൊണ്ണൂറ്റാറു മടൽകൊണ്ടു
മേലേ പൃതച്ചു മുകളേറ്റികൊണ്ടാൽ
ഒത്തമുകളിലൊരോല കവൃത്തി
മേലെ വെയിൽ മഴമഞ്ഞും തടുക്കും
ഒമ്പതു കണ്ടവുമുണ്ടെല്ലാവർക്കും
ഒമ്പതിനൊമ്പതു വാതിലുമുണ്ടേ
ഐവരൊരുമണി വിത്തു വിതച്ചേൻ
അന്നങ്ങു ഐവരേ കാവലും വച്ചേൻ
അപ്പടി കണ്ടങ്ങൾ രണ്ടങ്ങരികേ
പിടിക്കറ്റയുണ്ടാം പതനൈകതിരും

അരിവാളിനിക്കു പിടിയൂന്നിക്കൊണ്ടു
അരുമിച്ചരുമിച്ചു കൊയ്യുന്ന നേരം
അരുമറ്റത്തമ്പുരാൻ നോക്കിയിരിക്കും
ആളേക്കണ്ടാൽ മടിക്കുടെമേപ്പട്ടി
ആദത്തെപ്പണ്ടു ചതിച്ചോനിപ്പട്ടി
എളത്താൻ ഞായം വൈരിയോനിപ്പട്ടി
ചേള മുഴുത്തോരു നായുണ്ടവനെ
ചേളയെപ്പുക്കു കലത്തെയെടുത്തു
ദാഹിച്ച തണ്ണിനീർ വായിലും കൊണ്ടു
ദാശയിൽ വന്നു വളർക്കുന്നോരെന്നെ
ഏകസ്വരൂപികളെല്ലാരും കൂടെ
എന്നെത്തുനിഞ്ഞു വിളിക്കുന്ന നേരം
പെയ്യും മഴയത്തെ വെള്ളവും തേവി
വെയിലും കെട്ടി പെരുംചിറ താങ്ങി
ആണ്ടോരാകാശത്തിൽ ഒളിവു വരാമി
ഒമ്പതു വള്ളോനാർ വെള്ളത്തിൽ കൊൾവാൻ
ഒറ്റിയും ചൂട്ടും വലയുമായ്‌വന്നു
ഒറ്റിപ്പാടിപെട്ടുഴലുന്ന നേരം
ഇപ്പടി നിത്യവും ചൊല്ലിസ്തുതിപ്പോർ-
ക്കീശ്വരപാദത്തെ ചേരാമി സ്വാമി.

വള്ളോക്കവി സമാപ്തം.

## കുമ്മി

കുമ്മിയടി പെണ്ണേ കുമ്മിയടി പെണ്ണേ
കൂടെ കനന്തി നിന്താടു പെണ്ണേ
അപ്പെണ്ണേ ഇപ്പേണ്ണേ ഉളിപ്പെണ്ണേ
അലങ്കാരകുമ്മിയിട്ടാടുക്കോടി
കുടുണ്ടോരമ്പതു കോലകലം

കൂട്ടുകൾ നീളമുണ്ടമ്പതു ചാൺ
ആറുണ്ടു ആധാരം കൂടെനില്പാൻ
അഞ്ചുമരം പണി ചെയ്തകൂട്ടിൽ
വാറിട്ട വാതിലുണ്ടൊമ്പതെണ്ണം
വല്ലിതവാതിലുമുണ്ടറി നീ
പുരാണകൂടകത്തുള്ള കാമൻ
ഒരു പുള്ളിപ്രാവിനെ മേവുമയ്യാ
കൊഞ്ചിപ്പണിതൊരു കൂടതിലെ
അഞ്ചാഭരണം കൂടിന പൊൻനിറവും
പളുങ്കും അഞ്ചിക്കൊരുനിറം പച്ചയും വെള്ളയും
ആനന്ദം കൂടാ ലംഘിച്ചിട്ടും കച്ച
പണയകത്തിലിരുന്ത കരാളപക്ഷം
വിറന്തിടാമെൽകൊച്ചിപ്പട്ടുത്തതിനെ
വളർത്തീട്ടുകിൽ കോവിലകം പുകി-
ന്താട്ടുമയ്യാ അയ്യാറു കൂടകത്തിൽ
ഇരുന്ത ആനന്തപക്ഷിനെയും പിടിത്തു
അയ്യാറു കുപ്പിയിൽ പാൽകൊടുത്തു
ആനന്തപക്ഷിനെയും വളർത്തി
തുയ്യരറുക്കള്ളൊരു തുണതന്നിൽ തൂക്കി
തുങ്കിന വെകക്കയർ നൊണിത്ത
അയ്യാറുക്കുള്ളകത്തിൽ ഇരുന്ത
അവൾ അടികുമ്മിയിട്ടാട്ടുങ്കോടി
പണ്ടാറപ്പെട്ടി തുറന്തതിലെ
പത്തിട്ടടിച്ച പതക്കമിട്ടു
തണ്ടാരം കൊണ്ടുള്ള മൂടിയിട്ടിത്തര-
താനറിഞ്ഞൊരു ചിക്കെയിട്ടു
തണ്ടാരെച്ചെന്നു തുറന്നീട്ടുകിൽ
കച്ചോടപ്പെട്ടി തുറന്തീട്ടുമേ

ഓറയം കണ്ടു നീ ആടിനന്താൽ
ഉയറാടിക്കുമ്മിയിട്ടാടുങ്കോടി
കപ്പാരിയെന്നൊരു കാടകമേ
കായില്ലാപ്പള്ളിമങ്കളത്താ-
ളപ്പാരി പുള്ളെരറുത്തീടുകിൽ
ഇവ്വം പിന്നാളുരവന്തി വളന്തിടുമൊ
ഇപ്പേരിക്കേണി കാണും മുന്നേ
ഉടപാടി കുമ്മിയിട്ടാടുങ്കോടി
തപ്പാതെകാടകം ഊടറിന്താതരം
താനവർമാമ്പെട്ടും കാടിളക്കി
ഒപ്പെരും മക്കെണം കാണും മുന്നെ
ഉടലാടിക്കുമ്മിയിട്ടാടുങ്കോടി
സുഖം സുവിത്താസുഖമെടുത്താൽ
സുഖമൊക്കെയും മടുന്തിടുമെ
ആകെക്കളിന്ത സുഖമെടുത്താൽ
അണവോളമെന്നും ഫലം വരാമെ
കൂടകം വിട്ടു കുയിൽ പറന്താൽ
കുയിലുണ്ടോ കൂടോടണഞ്ഞിടുന്നു
കാടകം വിട്ടു കര മറന്ന
കമ്പികാരായം പിന്നെ ഫലം വരുമെ
പാടുന്നു മാത്രം വരം വരുത്തിപ്പൊരു
ആടികുമ്മിയിട്ടാടുങ്കോടി

കുമ്മിയടിപ്പാട്ട് സമാപ്തം

# വാരണത്തിൻ കവി

ഹരിഃ ശ്രീഗണപതയേ നമഃ

അവിഘ്നമസ്തു

വാരണത്തിൻ വടിവുടയ പതിനാർപറ്റി
വാണരുളീടെന്നുടയ ഹൃദയം തന്നിൽ
നാരിണികൾ നാന്മുഖൻ നാരിയാളേ
നന്നായി നിന്നരുൾക നാവുതന്മേൽ
കാരണനാം കടൽവർണ്ണ കമലകണ്ണാ
കരുണയിനിക്കജ്ഞാനം നീക്കവേണം
പാരിടത്തിൽ ഗുരുക്കന്മാർക്കഭയമെ ഞാൻ
പണ്ഡിതരേ പരമാർത്ഥം തരികിനിക്കു
പരമാർത്ഥം തരുന്നതാകിലടിയനിപ്പോൾ
പരമജ്ഞാന കവികളിലൊന്നെടുത്തുരപ്പൻ
അരിപ്പമിപ്പോളുള്ളവണ്ണം കണ്ടുകൊൾവാൻ
ആയന്താമൂലമേതെന്നറിയുന്നില്ലേ
ഗുരുവരുളാലെങ്കിലും ഞാൻ ഇതുചൊല്ലുന്നേൻ
ഗുണമെന്നും കരുതേണം പലരുമയ്യോ
അരുളേണം ദേവകളെ ഋഷിമാരെ
അറിവില്ലാത്തടിയനൊട്ടറിയുമാറെ
അറിവുടയ പഴമുനിമാർ വചനത്താലെ
അവസ്ഥയിൽ ഞാനൊന്നുണ്ടു കേട്ടിരിപ്പു
പിറവികളിൽ നരനായി ജനിച്ചുകൊണ്ടാൽ
മുമ്പിലേതും പിമ്പിലേതും കാണാമല്ലോ
ചെറുമനായ് പിറപ്പാനും യോഗം വന്നു
ജനനമറ്റു പോംവഴിയും കണ്ടതില്ലേ
തിരുവരുമാറുമനേപോയ്പരലോകത്തിൽ

നിശ്ചയമായ് പരമപദം കണ്ടെനാവൂ
പരമപദം കണ്ടുകൊൾവാൻ വിധിയുമില്ലേ
പാപമെന്നും കല്ലും മുള്ളിട്ടും പോയീ
ദുരിതഹരം പണ്ടനേകം ചെയ്യാനല്ലോ
ദുഷ്ടതയിൽ കിടന്നുമറിഞ്ഞുഴൽവതയ്യോ
തിരകടലിൽ മരിക്കലും പോയോട്ടു പോലെ
തിരയുന്നേൻ പലവഴിയും മനസ്സിനാലെ
കരവഴിമേലണഞ്ഞുകൊൾവാൻ കരകണ്ടില്ലെ
കാണാതോരരിമ്പരുടെ കാണ്മാനിപ്പോൾ
കാമമെന്നും പ്രാണത്തിൽ കേട്ടുപെട്ടു
പെട്ടെന്നു പ്രാണൻ പോയ്ക്കുറയുന്നു കാലംതോറും
വമ്പരന്റെ കിങ്കരന്മാർ വരവുണ്ടിപ്പോൾ
കേണുകിടന്നുഴലാതെ പോകവേണം
കേവലമേ പരപദം കണ്ടുകൊൾവാൻ
വീണർതണ്ടതിനുടയ നടുവേ ചെന്നാൻ
വിശ്വനാഥൻ താനിരിക്കും കോവിൽ കാണാം
താനിരിക്കും കോവിലകം പുക്കുകൊൾവാൻ
സ്ഥാനപ്പെരുവഴി കണ്ടവർക്കേയാവുക-
യാമെന്നും വഴിപോയ്ക്കുമാണു ചെന്നാൽ
ആഴമുള്ളോരാഴിവാതൽ തുറന്നുകാണാം
ഊനമേതും വരാതൊരീശനുണ്ടു
ഊടറിവുള്ളോർക്കുള്ളവണ്ണം കണ്ടുകൊൾവാൻ
ആനന്ദം പൊഴിയുന്നൊരാത്മതത്വം
അണുവേ കണ്ടതിലുമുണ്ടങ്ങഖിലലോകം
അണുവാം മുതൽക്കും നിങ്ങളഖിലത്തോളം
അതിനടിയിൽ കാണണം നെമ്മകുർ-
മ്മണിയോളം പോരുമേ രൂപം തന്നെ
രൂപമോദാലെന്നും പിന്നെ മണമിയലും

പുത്രമലരിൽ ഗന്ധം പോലെ മന്നിലെങ്ങും
കലരന്തെളിവായിരുന്ന ദോഷ-
ഗുണം തിരിച്ചറിവിനാർക്കിതാവൂ
കുമ്പിട്ടുന്നേൻ നമശിവായാ ശിവായമെന്നു
നമശിവായ തന്നിലല്ലോ പരമാനന്ദം
നടുവേ കാണുപദേശം നിന്നവാറും
ഉമപ്രമാണം പഴുതുമാകിൽ തരമില്ലെ
ഉമ വെച്ച സ്ഥൂലസൂക്ഷ്മത്താലെ കാണാം
സംശയമില്ലതിനേതും സത്യം തന്നെ
താല്പരിയം തന്നിലെ കണ്ടുറക്കാവൂ
സമസ്തവും താനതിനാലെ അറിയാമെ താൻ
സാധനിയിൽ മുക്തിപദം കേട്ടുകൊൾവാൻ
താപസികളാം പുരുഷർക്കേയതു ചെയ്യാവൂ
ആധാരം നീതികളെ വകവെച്ചിട്ടു
അറിയുമാകിൽ അവനവനില്ലെന്നു താനും
ശോധനചെയ്തുകമലരിൻ മലമറുത്ത
യോഗത്തെ കണ്ടുകൊൾകിലഴകിതല്ലെ
വായുവിന്റെ നിലകളോരോയോകമല്ലോ
വായുഭേദം കുറിട്ടുവാൻ നിനവുണ്ടേറ്റം
ആയവ്യയം കണ്ടവർക്കേ കുറിടാവൂ
ആവതില്ല അവറ്റിലേഞ്ചുരുക്കരുണ്ടാം
കായമെന്നു കരളകത്തുണ്ടേകനാഡി
കണക്കെട്ടുപ്പനക്കനക്കിൽ തരവുമുള്ളു
ആഴമുണ്ടങ്ങവ്വഴിക്കു കീഴമേല്പ-
മകമെഴുന്ന വായുവിനു മൂലമുണ്ടു
മൂലമാകുന്നാധാരം തന്നിലല്ലോ
മുകൾ മുടിവും വായുബീജം പിറന്നുണ്ടായി
മേലേടം നിലകളേഴും കടന്നു ചെന്നാൽ

മേവിനിന്നു വിലസീടും പരിചു കാണാം
വേലയുണ്ടങ്ങന്നിലയിൽ ചെന്നു കൊൾവാൻ
വേദാന്തം കണ്ടവർക്കേ പൊരുൾ കാണാവൂ
ലക്ഷ്മിനാഥൻ വസിപ്പൊരു സ്ഥാനമുണ്ടമ-
ച്ചതുരാതന്ന നടുവേ ഉപദേശങ്ങൾ
പച്ചനിഴം പവിഴനിറം പാൽനിറഞ്ഞാൽ
ചരമിതൊന്നായിനിന്നതല്ലോ പരയോഗം
അച്ചുരുക്കകണ്ടു സേവിച്ചുറച്ചു കൊൾവിൻ
അതിന്മേലെ ആനന്ദം പെരികെയുണ്ടു
നിശ്ചയമായി മൂലനാഡി മുതൽ
കണ്ഠത്തിൽ നിറഞ്ഞുനിൽക്കും പരമ-
ജ്ഞാനകതിർവിളക്കു പരമജ്ഞാനം
കത്യവിളക്കിലെഴുന്ന ദീപം
പരമാത്മാ തന്നിലെങ്ങും നിറഞ്ഞുനിൽക്കും
എരിഞ്ഞുകത്തീട്ടൊഴുകുന്ന ദീപം
എഴുന്നുകണ്ടീടെൻ മനവും തന്നകമേവും
മുഖം കൊടുത്തു പരമിഴിലു ദീപത്തിൻ
നാളം പോലെ പരീക്ഷിച്ചു കാണണം വിശ്വരൂപം
അമയിലാലതിലിട്ടയമ്മഹിമ കണ്ടെൻ-
മനവും മതിമറന്നു തുടങ്ങീതയ്യോ
മതിമറന്നു പോകാതെ ജീവാത്മാവെ
മനോഹരമാം സുഖങ്ങളുണ്ടതിനു മീതെ
അതിശയമായ് മണ്ഡലങ്ങൾ മൂന്നുണ്ടല്ലോ
അതിനടുവേക്കൂടം വഴിയുമുണ്ട്
ചതിയെന്നു നിന്നപരകൾ മൂവരുണ്ടേ
വായനീലെ വായുമാർഗതമുണ്ടെ
പാർവതിയതിനുള്ളവണ്ണം ചൊല്ലാമല്ലോ
പലരറികെ വരൻചോദിനാൽപ്പെരുപ്പം ചൊല്ലാം

ചോദിയുടെ പെരുപ്പത്തെ കണ്ടുകൊൾവാൻ
ചൊല്ലേറും ഗുരുനാഥൻ തനിക്കേയാവൂ
അതെരുന്നറയ്ക്കാതെ ഉറയ്ക്കവേണം
എതാനും കണ്ടവർക്കെ നിലയിൽനില്പൂ
വീതിയുണ്ടങ്ങാനിലയിൽ കാൺകവേണ്ടൂ
വിസ്താരം വീതിയുള്ള നിലകൾ കാണാം
വിസ്താരം വീതിയുള്ള സ്ഥലവുമുണ്ടങ്ങു കാണാം
മേൽനിലയാൽ വീതിസ്ഥാനം പൂക്കകൊൽവാൻ
അതിനടുവേ ഓടിനിൽക്കും വായുതന്നിൽ
നോക്കിനോക്കിക്കരയേറിചെന്നാൻ
പിന്നെക്കാൽനിലയുണ്ടക്കരന്നെ
കണ്ടുകൊള്ളാം തന്നിലുള്ളം
കണ്ടുകൊള്ളാം എന്നുറച്ചേൻ
മൂലത്താൾ മുമ്പിൽ നമ്മെകാണാം
മേൽനിലയാൽ കരയേറി ചെന്നാൻ പിന്നെ
മേവി നിൽക്കും വായുവിന്റെ മികവു കാണാം
മികവിനോട്ടു വായുവന്നു വിലസിക്കാണാം
ആകാശം തന്നിലെ ചെന്നിറങ്ങിക്കാണാം
ഓങ്കാരം തന്നിലെ ചെന്നരിക്കൽക്കാണാം
ആകാത്തതരുന്നകമൊ നടുവെ കാണാം
മധുരമാകുന്നുപദേശമിവിടെക്കാണാം
വേദാന്തം പൊരുളറ്റ വടിവു കാണാം
ഊനമാം ഗുരുനാഥൻ തന്നേ കാണം
ഈരേഴുലോകമതും കൂടെ കാണാം
തെളിവിനോടജ്ഞാനമറ്റൊരാരാമം കാണാം
ദേവകളും മുനിമാരും വണങ്ങിക്കാണാം
ദേവകളും മുനിമാരും വണങ്ങിനിൽക്കും
ദേവരയും കണ്ടുകൊൾകിലഴകിതെല്ലൊ

സേവയുക്തഭക്തജനം കണ്ടുകൊൾവാൻ
തേടുമ്പോൾ തന്നകമെ വായുതാനും
മൂവുലകും വാരിക്കും മൂർത്തിമൂന്നും
മുപ്പൊഴം മുന്തിതോറും തേജസ്സുണ്ടാം
ഈവക കണ്ടുറച്ചുകൊൾവോർക്കിച്ഛ വാഴും
ഈശ്വരൻ താൻ വന്നു പരമപദം
തരുന്നതൊരു പരനുണ്ടല്ലൊ
പാരമെന്നി കണ്ടുകൊൾവാൻ ഭയമറ്റേടം
കരടിയറ്റ തരുന്നതൊരു ഗുരുവുണ്ടല്ലൊ
ഭയമെന്നി കണ്ടുകൊൾവാൻ ഭയമറ്റേടം
ഗുരുവായൊരുടയവരോടണഞ്ഞുകൊൾവാൻ
ഉടൻവിട്ടു ഉയിർപോകും തുറവിക്കണ്ടാൽ
തുറവിട്ടു വിറവി മറന്നീടിനേൻ ഞാൻ
സുഖമോടെ ബ്രഹ്മാണ്ഡം കടന്നു ചെന്നാൽ
നിറം വരവെ പരംപൊരുൾ താൻപാദം ചൊന്നാൽ
നിനവുണ്ടു പരമയോഗം പുക്കു എന്നാൽ
വിരവിനൊടു രമാനാഥൻ ചൊന്ന മാല
അതിശയമായ കവികളുണ്ടിങ്ങിരുപത്തൊന്നു
നിറത്തോടെ ചൊല്ലുവോരും കേൾക്കുന്നോരും
നിനച്ചവുറ്റും പരമപദം പൂവ്വെനമ്മെ.

വാരണത്തിൻകവി സമാപ്തം

[Note: The text used is that published by ARP Press, Kunnamkulam, Kerala, India. Copy obyained from Sahitya Akademi, Thrissur, Kerala. Electronic text prepared by A. Harindranath, January, 2010.]

harindranath_a@yahoo.com